**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 423** **08-10-2024 - ൽ മറുപടിയ്ക്ക്**

**വികസന പദ്ധതികൾക്ക് എടുത്ത വായ്പകളുടെ വകമാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള സർക്കാർ വികസന പദ്ധതികൾക്കായി റിസർവ് ബാങ്ക് മുഖേന എടുത്ത വായ്പകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വിപണി വായ്പയായി സർക്കാർ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ കണ്ടാലും. |
| (ബി) | വികസന പദ്ധതികൾക്കായി എടുക്കുന്ന വായ്പയുടെ ഭൂരിഭാഗവും സംസ്ഥാനം വകമാറ്റി ചെലവഴിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക വീതം വകമാറ്റി ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിപണി വായ്പയായി സർക്കാർ സമാഹരിക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്കാണ് വരവ് വയ്ക്കുന്നത്. അതുകൊണ്ട് തന്നെ ആയത് ഏതു ഇനത്തിലുള്ള ചെലവുകൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുവാൻ കഴിയുകയില്ല. |
| (സി) | സംസ്ഥാന ധനകാര്യ മാനേജ്മെന്റിന്റെ വിശ്വാസ്യതയ്ക്ക് ഭംഗം വരുത്തുന്ന പ്രസ്തുത നടപടികൾ കടം ലഭിയ്ക്കുന്നതിനുള്ള സാധ്യതകൾ ഇല്ലാതാക്കിയിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്ന വായ്പാ പരിധിക്കുള്ളിൽ നിന്നും മാത്രമേ സംസ്ഥാനത്തിന് വായ്പ സമാഹരിക്കുവാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നാണ് സർക്കാർ വായ്പ എടുക്കുന്നത്. കൂടാതെ വിവിധ കാരണങ്ങൾ നിരത്തി സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധി പോലും വെട്ടിച്ചുരുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ കുറച്ച് കാലങ്ങളായി അനുവർത്തിച്ച് പോരുന്നത്. തത്ഫലമായി 2022-23 –ൽ സംസ്ഥാനത്തിന്റെ ധനകമ്മി / ജി.എസ്.ഡി.പി. അനുപാതം 2.44% ആയി കുറയുന്ന സാഹചര്യം പോലും സൃഷ്ടിക്കപ്പെട്ടിരുന്നു. മേൽ സാഹചര്യത്തിൽ കടമെടുപ്പ് സാധ്യത സംബന്ധിച്ച് ഉന്നയിച്ചിരിക്കുന്ന ആശങ്കയ്ക്ക് എന്തെങ്കിലും അടിസ്ഥാനമുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Financial Year | Amount borrowed (in Crore) |
| --- | --- |
| 2021-22 | 27000 |
| 2022-23 | 30839 |
| 2023-24 | 42438 |
| 2024-25 upto 7th October 2024 | 25498 |
| **Total** | **125775** |